**ശ്രദ്ധക്ഷണിക്കൽ**

## (1) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ആസ്തികൾ

<u>ശ്രീ. ആർ. രാമചന്ദ്രൻ:</u> സർ, 2016-17-ലെ കേന്ദ്ര ബഡ്ജറ്റിൽ പൊതു മേഖലാ സ്ഥാപനങ്ങളുടെ 56,550 കോടി രൂപയുടെ ആസ്തി വിറ്റഴിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. നാളിതുവരെയായി 23528.73 കോടി രൂപയുടെ ആസ്തി വകകൾ വിറ്റഴിച്ചുകഴിഞ്ഞു. ഈ തീരുമാനത്തിന് പിന്നിൽ ഭ്രാന്തമായ കച്ചവട ലക്ഷ്യങ്ങളാണുള്ളത്. കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളായ മോഡേൺ ഫുഡ് ഇൻഡസ്ട്രീസിന്റെ 74 ശതമാനം ഓഹരികൾ ഹിന്ദുസ്ഥാൻ ലിവർ ലിമിറ്റഡിന് കൈമാറിയപ്പോൾ കേരളത്തിന്റെ പ്രധാന നഗരത്തിലെ ഹെക്ടർ കണക്കിന് ഭൂമിയാണ് സ്വകാര്യ കുത്തകകൾക്ക് കൈമാറ്റപ്പെട്ടത്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെന്ന നിലയിൽ FACT, HNL, HMT, ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ് എന്നിവയുടെ ആസ്തി ബഹുരാഷ്ട്ര കുത്തകകൾക്ക് കൈമാറുമ്പോൾ കോടിക്കണക്കിന് വില വരുന്ന സർക്കാർ ഭൂമി വളരെ തുച്ഛമായ വിലയ്ക്ക് ബഹുരാഷ്ട്ര കുത്തകകളുടെ കൈകളിൽ എത്തിച്ചേരുകയാണ്. കാലാന്തരത്തിൽ കോടതി വിധികളുടെയും മറ്റും

സഹായത്തോടെ വ്യവസായേതര പ്രവർത്തനങ്ങൾക്ക് പ്രസ്തുത ഭൂമി വൻ വിലയ്ക്ക് കൈമാറ്റം ചെയ്യുന്നതിനും അതുവഴി കുത്തകകൾക്ക് അമിത ലാഭമുണ്ടാക്കുന്നതിനുമാണ് കേന്ദ്ര ഗവൺമെന്റ് കളമൊരുക്കുന്നത്. സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിനും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുംവേണ്ടി പൊന്നുംവിലയ്ക്കെടുത്ത് വ്യവസായ സ്ഥാപനങ്ങൾക്ക് കൈമാറിയ ഭൂമി ബഹുരാഷ്ട്ര കുത്തകകൾക്ക് കൈമാറുന്നതിന് അവസരമുണ്ടാക്കുന്ന പ്രസ്തുത നടപടിക്കെതിരെ സംസ്ഥാന ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരണ നയത്തിന്റെ ഭാഗമായി, ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്നതിനുമുള്ള നടപടികൾ അതിവേഗത്തിൽ കൈക്കൊണ്ടുവരികയാണ്. നീതി ആയോഗ്, വിറ്റഴിക്കേണ്ടതും സ്വകാര്യവൽക്കരിക്കപ്പെടേണ്ടതുമായ പൊതുമേഖലാ സ്ഥാപനങ്ങളെ തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു. ഈ നിർദ്ദേശങ്ങൾ ഏറ്റവും കൂടുതൽ പ്രതികൂലമായി

ബാധിക്കുന്നത് കേരളത്തെയായിരിക്കും. FACT സ്വകാര്യവൽക്കരിക്കാനും ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽ ലിമിറ്റഡ്, ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും പോകുന്നുവെന്നാണ് അറിയുന്നത്. ഒരു കേന്ദ്ര-സംസ്ഥാന സംരംഭമായ BHEL - EML കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്ന് പിൻവാങ്ങുന്നതിനുള്ള നടപടികൾ BHEL എടുത്തുവരുന്നുണ്ട്. ഇത് തൊഴിലാളികളെ ഗൗരവപ്പെട്ട രീതിയിൽ ബാധിക്കുന്നതും നമ്മുടെ സംസ്ഥാനത്തിന് എതിരായിട്ടുള്ള നിലപാടുമാണ്. ഇവിടെ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പ്രവർത്തന മൂലധനം നൽകാത്തതിനാൽ ഉത്പാദനം നടക്കുന്നില്ലെന്ന സ്ഥിതിയുമുണ്ട്. HLL ലൈഫ് കെയർ ലിമിറ്റഡിലെ തൊഴിലാളികളുടെ എണ്ണം വൻതോതിൽ വെട്ടിക്കുറയ്ക്കുന്നു. ഇറക്കുമതി ചുങ്കം എടുത്തുകളഞ്ഞതോടെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് കടുത്ത പ്രതിസന്ധിയിലായിരിക്കുകയാണ്. കൊച്ചിൻ റിഫൈനറിയിൽ നിന്ന് അസംസ്കൃത വസ്തുക്കൾ നൽകാതെ വന്നതോടെ ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് എന്ന സ്ഥാപനം ഉത്പാദനം നിർത്തിവയ്ക്കേണ്ട സാഹചര്യമാണുള്ളത്. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിനെ സ്വകാര്യവൽക്കരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചപ്പോൾ സംസ്ഥാനത്തിന്റെ താൽപര്യം പരിഗണിച്ച്

പാലക്കാട് യൂണിറ്റ് ഏറ്റെടുത്ത് നടത്തുവാൻ സംസ്ഥാന സർക്കാർ തത്വത്തിൽ തീരുമാനിച്ച് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. പാലക്കാട് സ്ഥിതി ചെയ്യുന്ന BEML എന്ന സ്ഥാപനം പ്രതിരോധ മേഖലയിൽ ആവശ്യമുള്ള ട്രക്കുകളും റെയിൽവേ കോച്ചുകളുമാണ് ഉത്പാദിപ്പിക്കുന്നത്. ഈ സ്ഥാപനവും സ്വകാര്യവൽക്കരണത്തിന്റെ ഭീഷണിയിലാണ്.

BHEL - EML, SAIL - SCL, TELK - NTPC എന്നീ ജോയിന്റ് വെഞ്ച്വറുകളിൽ നിന്നും പിൻമാറാനും ഓഹരി വിറ്റഴിക്കാനും കേന്ദ്ര സർക്കാർ നയപരമായി തീരുമാനമെടുത്തിട്ടുള്ളത് സംസ്ഥാന താൽപ്പര്യത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഈ നടപടിയിൽ നിന്നും പിന്മാറണമെന്നും സംയുക്ത സംരംഭങ്ങളുടെ നിബന്ധനകൾ പ്രകാരം മുന്നോട്ടുപോകണമെന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന ഒരു സമീപനമാണ് കേരളത്തിലെ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽതന്നെ നിലനിർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റും മുഖ്യമന്ത്രിയും കേരളത്തിൽ നിന്നുള്ള എം.പി.മാരും യോജിച്ച നിവേദനങ്ങൾ കേന്ദ്ര

ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ നയം സ്വകാര്യവൽക്കരണത്തിന്റേതാണെന്നുള്ളതുകൊണ്ട് ഈ മേഖല ഗൗരവപ്പെട്ട പ്രതിസന്ധിയാണ് നേരിടുന്നതെന്നുള്ളത് വസ്തുതയാണ്. തൊഴിലാളി സംഘടനകൾ യോജിച്ച് ഈ സ്ഥാപനങ്ങളെ രക്ഷിക്കാൻവേണ്ടി സംയുക്ത പ്രക്ഷോഭത്തിലേയ്ക്ക് ഇതിന്റെ ഭാഗമായി വരികയാണ്. സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കാൻ വേണ്ടിയുള്ള യോജിച്ച പോരാട്ടം അനിവാര്യമായിത്തീർന്നിരിക്കുകയാണ്.

<u>ശ്രീ. ആർ. രാമചന്ദ്രൻ:</u> നീതി ആയോഗിന്റെ തീരുമാനപ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികളാണ് വിറ്റഴിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; അവയുടെ ഭൂമി വ്യവസായേതര പ്രവർത്തനങ്ങൾക്ക് ഭാവിയിൽ ഉപയോഗപ്പെടുത്തുന്നത് തടയുന്നതിന് സംസ്ഥാന ഗവൺമെന്റ് ഇടപെടുന്നതിന് നടപടി സ്വീകരിക്കുമോ;

<u>ശ്രീ. എ. സി. മൊയ്തീൻ:</u> FACT-യുടെ കാര്യം ഞാൻ മറുപടിയിൽതന്നെ പറഞ്ഞു. ഷിപ്പ്‌യാർഡിന്റെ ഓഹരിയുടെ 25 ശതമാനം വിറ്റഴിക്കാൻ കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. അതുപോലുള്ള ചില സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും വിറ്റഴിക്കാനും തീരുമാനിച്ചിട്ടുണ്ട്. അത് ഞാൻ മറുപടിയിൽ സൂചിപ്പിച്ചതാണ്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് അതാത്

അവസരത്തിൽ, മുഖ്യമന്ത്രിയുൾപ്പടെ കേന്ദ്ര ഗവൺമെന്റുമായി നേരിട്ട് ചർച്ച ചെയ്യാനും കത്തയയ്ക്കാനും തയ്യാറായിട്ടുണ്ട്. സംസ്ഥാനത്തുള്ള എം.പി.മാരും ഭരണ-പ്രതിപക്ഷഭേദമില്ലാതെ യോജിച്ചുനിന്ന് ഇതിനെതിരായുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്. പക്ഷെ കേന്ദ്ര ഗവൺമെന്റിന്റെ പൊതു നയം സ്വകാര്യവൽക്കരണത്തിന്റേയും പൊതുമേഖലാ സ്ഥാപനങ്ങൾ കയ്യൊഴിയുന്നതിന്റേതുമാണ്. അതിന് കേരളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള യോജിച്ച സമീപനമുണ്ടാകണം.

## (2) <u>**സർക്കാർ ആശുപത്രികളിലെയും ഫാർമസികളിലെയും അഴിമതി**</u>

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, സംസ്ഥാനത്തെ സർക്കാർ സ്വകാര്യ മെഡിക്കൽ സ്റ്റോറുകളിലും ഫാർമസികളിലും കാലാവധി കഴിഞ്ഞ മരുന്നുകളും ഗുണനിലവാരമില്ലാത്ത മരുന്നുകളും വിൽക്കപ്പെടുകയാണ്. ഇവയൊന്നും കാര്യക്ഷമമായി പരിശോധിക്കുന്നതിനുള്ള സംവിധാനം ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഇല്ല. ഈയടുത്ത കാലത്ത് വിജിലൻസ് സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലേയും ഫാർമസികളിൽ പോയി പരിശോധന നടത്തിയപ്പോൾ വളരെ ഞെട്ടിക്കുന്ന വിവരങ്ങളാണ് കേൾക്കാൻ സാധിച്ചത്. കാലാവധി കഴിഞ്ഞ മരുന്നുകൾ സൂക്ഷിക്കുന്നതായും സ്റ്റോക്ക്

രജിസ്റ്ററിൽ വ്യാപകമായ കൃത്രിമം നടക്കുന്നതായും വിജിലൻസ് കണ്ടെത്തി. കഴിഞ്ഞ ദിവസം പതിനാല് ജില്ലാ ആശുപത്രികളിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിലാണ് പൊതുജനങ്ങളുടെ ആരോഗ്യം വച്ച് പന്താടുന്ന ഞെട്ടിപ്പിക്കുന്ന കാര്യങ്ങൾ കണ്ടെത്തിയത്. വളരെ ലാഘവത്തോടുകൂടിയാണ് ആശുപത്രികളിൽ മരുന്നുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. വിവിധ കമ്പനികളുടെ പേരിലുള്ള മരുന്നുകളാണ് ഡോക്ടർമാർ എഴുതി നൽകുന്നത്. രോഗികൾക്ക് വിതരണം ചെയ്യുന്ന മരുന്നുകൾക്ക് കൃത്യമായ രേഖകൾ സൂക്ഷിക്കണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും അത് എവിടെയും പാലിക്കപ്പെടുന്നില്ല. വിലകൂടിയ മരുന്നുകൾ രോഗികൾക്കോ മറ്റ് ആവശ്യമുള്ള ആശുപത്രികൾക്കോ നൽകാതെ മാസങ്ങളോളം പല ആശുപത്രികളുടെയും സ്റ്റോറുകളിൽ കൈവശംവയ്ക്കുന്നതായാണ് കണ്ടെത്തിയത്. അത് മാത്രമല്ല കാലാവധി കഴിഞ്ഞ മരുന്നുകൾ ആശുപത്രികളിൽ സൂക്ഷിക്കരുതെന്നാണ് നിലവിലെ വ്യവസ്ഥ. എന്നാൽ ഇതൊന്നും ഒരിടത്തും പാലിക്കപ്പെടുന്നില്ല. മിക്കയിടങ്ങളിലും കാലാവധി കഴിഞ്ഞ മരുന്നുകൾ ഡ്യൂട്ടി നേഴ്സിന്റെ മുറികളിൽ സൂക്ഷിക്കുകയാണെന്ന് വിജിലൻസിന്റെ പരിശോധനയിൽ കണ്ടെത്തി. സ്റ്റോക്ക് രജിസ്റ്ററുകളിൽ വ്യാപകമായ കൃത്രിമമാണ് നടക്കുന്നത്. ഫാർമസിസ്റ്റുകൾ ഡ്യൂട്ടി സമയത്ത് മിക്ക ആശുപത്രികളിലും

ഇല്ലായെന്നുള്ളതായിരുന്നു സത്യം. ഇതൊന്നും ഞാൻ പറയുന്നതല്ല. വിജിലൻസ് കണ്ടെത്തിയ കാര്യങ്ങളാണ്. ഇതെല്ലാം ഈ ഗവൺമെന്റിന്റെ കാലത്തല്ല മാറിവന്ന എല്ലാ ഗവൺമെന്റുകളുടെയും കാലത്ത് ഇങ്ങനെ തട്ടിപ്പും കാര്യങ്ങളുമൊക്കെ നടന്നിട്ടുണ്ട്. അതുപോലെതന്നെ ഡോക്ടർമാരോട് ജനറിക് പേരുകളിൽ തന്നെ മരുന്നുകളുടെ കുറിപ്പടി എഴുതണമെന്ന് സർക്കാരിന്റെ ഉത്തരവുണ്ട്. എന്നാൽ ആ ഉത്തരവ് ഇവിടത്തെ മെഡിക്കൽ സ്റ്റോറുകളും ഡോക്ടർമാരും ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥന്മാരെല്ലാംകൂടി ചേർന്ന് അട്ടിമറിച്ചു. മരുന്നുകൾ വരുത്തുന്നത് ഗുജറാത്തിൽനിന്നും ഹിമാചൽ പ്രദേശിൽനിന്നുമാണ്. നമ്മുടെ നിലവിലുള്ള സംവിധാനത്തിൽ കാക്കനാടും തിരുവനന്തപുരത്തും മാത്രമാണ് അതിന്റെ പരിശോധനാ സംവിധാനങ്ങളുള്ളത്. കാക്കനാട്ടാണ് കുറെക്കൂടി മെച്ചപ്പെട്ട പരിശോധന നടക്കുന്നത്. അയ്യായിരത്തോളം മരുന്നുകൾ മാത്രമേ സംസ്ഥാനത്ത് പരിശോധിക്കാൻ കഴിയുകയുള്ളൂ. രണ്ടരലക്ഷം ബാച്ച് മരുന്നുകൾ നമ്മുടെ സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്നുണ്ട്. അവയൊന്നും ശരിയായ പരിശോധനാ സംവിധാനത്തിന് വിധേയമാക്കുന്നില്ല എന്നുമാത്രമല്ല കെ.എം.എസ്.സി.എൽ. മുഖാന്തരമാണ് മരുന്നുകൾ വാങ്ങുന്നത്. ആദ്യം ഉപയോഗിച്ച ടാസ്ക് എന്ന സോഫ്റ്റ്‌വെയറിൽ അപാകത കണ്ടപ്പോൾ പി.ബി.എം. എന്ന സോഫ്റ്റ്‌വെയർ

ഉപയോഗിച്ചു. ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് കാലാവധി കഴിഞ്ഞ മരുന്നുകൾ ഗവൺമെന്റ് ആശുപത്രികളിൽനിന്നും കെ.എം.എസ്.സി.എൽ.-ൽ വരുമ്പോൾ അത് നശിപ്പിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ? നമ്മുടെ സംസ്ഥാനത്തെ ഗവൺമെന്റ് ഫാർമസികളിലും മെഡിക്കൽ കോളേജുകളിലും മറ്റ് സ്ഥലങ്ങളിലുമുള്ള കാലാവധി കഴിഞ്ഞ മരുന്നുകൾ വിൽക്കപ്പെടുന്നത് വ്യാപകമാണെന്ന് വിജിലൻസിന്റെ അന്വേഷണത്തിൽതന്നെ കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് ഇത് പരിഹരിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ ശ്രദ്ധക്ഷണിക്കലിലൂടെ പറയാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ): സർ, 01.03.2010-ലെ പ്രത്യേക നിർദ്ദേശപ്രകാരം സംസ്ഥാന ആരോഗ്യ വകുപ്പിൽ അഡീഷണൽ ഡയറക്ടർ വിജിലൻസിന്റെ നേതൃത്വത്തിൽ ഒരു വിജിലൻസ് യൂണിറ്റും ഇതോടൊപ്പം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ആസ്ഥാനമായി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസിലെ അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ മൂന്ന് റീജിയണൽ വിജിലൻസ് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ വകുപ്പിലെ ആശുപത്രികളിലും ഫാർമസികളിലും ഉൾപ്പെടെയുള്ള

അഴിമതി സംബന്ധിച്ച പരാതികളും ജീവനക്കാർക്കെതിരെയുള്ള സാമ്പത്തിക ക്രമക്കേടുകളുൾപ്പെടെയുള്ള പരാതികളും അഡീഷണൽ ഡയറക്ടർ വിജിലൻസിന്റെയും റീജിയണൽ വിജിലൻസ് ഓഫീസർമാരുടെയും നേതൃത്വത്തിൽ അന്വേഷണം നടത്തി കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ പതിനാല് ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നേരിട്ട് ലഭിക്കുന്ന പരാതികളിന്മേലുള്ള അന്വേഷണ റിപ്പോർട്ടിന്റെയും മിന്നൽ പരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്ന ജീവനക്കാർക്കെതിരെ ജില്ലാ മെഡിക്കൽ ഓഫീസ് തലത്തിലോ ആരോഗ്യവകുപ്പ് തലത്തിലോ നടപടികൾ സ്വീകരിക്കാറുണ്ട്. അതോടൊപ്പം സർക്കാർ നിയമന ശിക്ഷണ അധികാരിയായിട്ടുള്ള ഉദ്യോഗസ്ഥന്മാർക്കെതിരെയുള്ള പരാതികളിന്മേൽ അന്വേഷണം നടത്തി ഉചിതമായ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്. മെഡിക്കൽ വിദ്യഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിലും ഫാർമസികളിലും വ്യാപകമായ അഴിമതിയും ക്രമക്കേടുകളും നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും രേഖാമൂലമുള്ള പരാതികൾ ലഭിക്കുന്നപക്ഷം അതിന്മേൽ കൃത്യമായ അന്വേഷണവും ശക്തമായ നടപടിയും

സ്വീകരിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. മരുന്ന് സംഭരണം, വിതരണം ഇതിലെല്ലാം ക്രമക്കേടുകളില്ലാതെ നോക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ 2017 മെയ് 17-ാം തീയതി പോലീസ് വിജിലൻസ് വിഭാഗം ഒരു ദ്രുതപരിശോധന മെഡിക്കൽ സ്റ്റോറുകളിലും ആശുപത്രികളിലും നടത്തുകയുണ്ടായി. യഥാർത്ഥത്തിൽ ആ പരിശോധന ആരോഗ്യ വകുപ്പ് നടത്തുന്ന കൃത്യമായിട്ടുള്ള പ്രവർത്തനത്തിനുള്ള അംഗീകാരമായിട്ടുള്ളതാണെന്ന് കരുതാം. അപാകതകൾ തീരെ ഉണ്ടായിട്ടില്ലെന്നുള്ളതല്ല. അവർ പരിശോധിച്ചത് ലോക്കൽ പർച്ചേസിലെ വിശദാംശങ്ങൾ, മരുന്ന് സംരഭരണത്തിലെ പോരായ്മകൾ, മരുന്ന് വിതരണത്തിൽ കൃത്രിമ ക്ഷാമം സൃഷ്ടിക്കുന്നുണ്ടോ, ജനറിക് മരുന്ന് കുറിക്കുന്നതിൽ വീഴ്ചയുണ്ടോ, മരുന്ന് സ്റ്റോക്ക് കീപ്പിംഗിൽ പോരായ്മകൾ ഉണ്ടോ, അതുപോലെ ആശുപത്രിയിൽ ബദൽ മരുന്ന് ലഭ്യമാകുമ്പോഴും പുറത്തേയ്ക്ക് കുറിച്ച് നൽകുന്നുണ്ടോ, കാലഹരണപ്പെട്ട മരുന്നുകൾ അശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നുണ്ടോ, ഹാബിറ്റ് ഫോമിംഗ് ഡ്രഗ്സ്സ് കണ്ടമാനം കുറിക്കുന്നുണ്ടോ എന്നിങ്ങനെയുള്ള കാര്യങ്ങളാണ്. ഈ പരിശോധന വളരെ നന്നായി എന്നുള്ളതാണ്, ഞങ്ങൾക്ക് വളരെ സഹായകരമായ ഒരു പരിശോധനയാണ് നടത്തിയത്. തിരുവനന്തപുരം ജില്ലാ

ആശുപത്രിയിലെ ലോക്കൽ പർച്ചേസ് വിഭാഗത്തിൽ കാലഹരണപ്പെട്ട ചില മരുന്നുകൾ കണ്ടെത്തിയിരുന്നു. അതുസംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കുകയാണ്. എന്നാൽ കെ.എം.എസ്.സി.എൽ. വഴി വിതരണം ചെയ്യുന്ന മറ്റ് മരുന്നുകളുടെ കണക്കുകൾ വളരെ കൃത്യത പുലർത്തുന്നവയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓൺലൈൻ ഡ്രഗ്സ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം കൃത്യമായി നടപ്പിലാക്കുന്ന ഇടങ്ങളിൽ ഒരു തരക്കേടും ഉണ്ടായിട്ടില്ല. കൊല്ലം ജില്ലയിൽ പരിശോധന നടത്തി ഫാർമസി രജിസ്റ്ററിലും ഡി.ഡി.എം.എസ്. സോഫ്റ്റ് വെയറിലും എന്റർ ചെയ്യാത്തതിന്റെ ഭാഗമായി അവിടെ സ്റ്റോക്കിൽ ചില മരുന്നുകളുടെ എണ്ണം വലിയ അളവിലല്ലെങ്കിലും ചിലത് കൂടുതലും ചിലത് കുറവുമായി കണ്ടെത്തിയിട്ടുണ്ട്. രജിസ്റ്ററിൽ എന്റർ ചെയ്തതിലുള്ള തരക്കേടാണെന്ന് പിന്നീട് രജിസ്റ്റർ പരിശോധിച്ചപ്പോൾ അവർക്കുതന്നെ ബോധ്യമായിട്ടുണ്ട്. പത്തനംതിട്ടയിൽ വളരെ കൃത്യമായാണ് ഇതെല്ലാം നടക്കുന്നതെന്നാണ് വിജിലൻസ് രേഖപ്പെടുത്തിയിട്ടുള്ളത്. ഞാൻ ഓരോ ജില്ലയേയും പറ്റി പറയുന്നില്ല. എല്ലാ ജില്ലകളിലും പരിശോധന നടത്തി ചെറിയ പോരായ്മകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ ജില്ലാ ആശുപത്രിയിലാണ് പരിശോധന നടന്നത്. അവിടെ വളരെ നന്നായി ഡി.ഡി.എം. സിസ്റ്റം പാലിക്കുന്നുണ്ടെന്നും എല്ലാം കൃത്യമായി

രേഖപ്പെടുത്തുന്നുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ Antivenom-ന്റെ സ്റ്റോക്കിൽ അൽപ്പം കുറവ് കാണിച്ചിരുന്നു. അതും കൃത്യമായി കണക്കിൽ എന്റർ ചെയ്യാത്തതിലെ ഒരു തരക്കേട് കാരണമായിരുന്നു. കാത്ത് ലാബിൽനിന്നും അപ്പുറവും വാർഡിൽനിന്നുമൊക്കെ മാറ്റിയത് കൃത്യമായി സ്റ്റോക്കിൽ കാണിക്കുന്നതിൽ വന്ന പോരായ്മയായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്. പൊതുവേ ആരോഗ്യ വകുപ്പ് ഇത്തരം കാര്യങ്ങളൊക്കെ പരിശോധിക്കുന്നുവെന്നതിന്റെ സാക്ഷ്യപത്രമായിട്ടാണ് വന്നത്. ഒരു പോരായ്മയും ഇല്ലെന്ന് ഞാൻ പറയില്ല. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെയുള്ള പോരായ്മകൾ ഉണ്ടോയെന്ന് ഇനിയും പരിശോധിക്കുന്നതാണ്. ഡി.ഡി.എം. സിസ്റ്റം കൃത്യമായി നടപ്പിലാക്കിയാൽ നമുക്ക് കുഴപ്പമൊന്നും വരില്ല. ഇപ്പോൾ അഞ്ചുകോടി രൂപ ചെലവഴിച്ച് കെ.എം.എസ്.സി.എൽ.-ൽ ഈ പരിശോധനാ വിഭാഗം ആധുനികവൽക്കരിക്കാനും തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ഇപ്പോൾ ആരംഭിച്ചിട്ടുള്ള ഇ-ഹെൽത്ത് പദ്ധതിയുമായി യോജിപ്പിച്ച് നടപ്പിലാക്കുമ്പോൾ വളരെ സുതാര്യമായ രീതിയിൽ എല്ലാ ജില്ലകളിലുമുള്ള ഇത്തരം സ്റ്റോക്കും വെരിഫിക്കേഷനും കാര്യങ്ങളുമൊക്കെ പരിശോധിക്കും. ജനറിക് മരുന്ന് കുറിക്കണമെന്ന് നിർബന്ധമായി പറയുന്നുണ്ട്. അപൂർവ്വം ചിലയിടങ്ങളിൽ

അനുസരിക്കുന്നില്ലായെന്നുള്ളത് ഒരു വസ്തുതയാണ്. അത് കണ്ടുപിടിച്ച് കർശനമായ നടപടി എടുത്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ കാരുണ്യാ ഫാർമസികളിൽ ജനറിക് മരുന്നുകൾ പ്രത്യേകം വിതരണം ചെയ്യുവാൻ കേരള ജനറിക് കൗണ്ടറുകൾകൂടി ആരംഭിച്ചു. കുറിപ്പടികളിലും ജനറിക് മരുന്നാണ് കുറിക്കേണ്ടതെന്നുള്ള നിർദ്ദേശം കൊടുത്തുകൊണ്ടിരിക്കുകയാണ്. കുറെക്കാലമായി തുടരുന്ന ഒരു സിസ്റ്റത്തിൽ മാറ്റം വരുത്തുമ്പോൾ ചില അസ്വസ്ഥതകൾ ചില മേഖലകളിൽ ഉണ്ടെങ്കിലും ഇതെല്ലാം പാലിക്കാൻ കർശനമായ നിർദ്ദേശം കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ഗവൺമെന്റ് ഫാർമസികളിലും അതുപോലെ മെഡിക്കൽ സർവ്വീസസ് കോർപറേഷനിലും എത്തിച്ചേരുന്ന കാലാവധി കഴിഞ്ഞ മരുന്നുകൾ നശിപ്പിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ? അല്ലെങ്കിൽ അതാത് ആശുപത്രികളിലെ കാലാവധി കഴിഞ്ഞ മരുന്നുകൾ തിരുവനന്തപുരത്തുള്ള കെ.എം.എസ്.സി.എൽ-ൽ എത്തിക്കാനുള്ള സംവിധാനം സർക്കാർ ഒരുക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അതിനുള്ള നടപടി സ്വീകരിക്കാം. ഇത് നന്നായി പരിശോധിക്കേണ്ട വിഷയമാണ്. ഡി.ഡി.എം. സിസ്റ്റം കൃത്യമായി

നടപ്പിലാക്കിയാൽ എപ്പോഴാണ് കാലാവധി കഴിയുകയെന്ന് കൃത്യമായി മനസ്സിലാക്കാൻ സാധിക്കും. അപ്പോൾതന്നെ വിവരം കൊടുത്തുകൊണ്ട് കാലാവധി കഴിഞ്ഞ മരുന്നുകൾ ഒഴിവാക്കാൻ സാധിക്കും. ഒരു ഡിപ്പോയിൽ ഇത്തരത്തിൽ കാലാവധി കഴിഞ്ഞ മരുന്ന് നശിപ്പിക്കാൻ താമസിപ്പിച്ചതിന്റെ പേരിൽ ഡിപ്പോ നടത്തുന്ന ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് വളരെ വ്യക്തമാണ്. കെ.എം.എസ്.സി.എൽ. മുഖേന പരിശോധിച്ച് കാലാവധി തീരുന്നമുറയ്ക്ക് കാലാവധി കഴിഞ്ഞ മരുന്നുകൾ ഒഴിവാക്കാൻ കൂടുതൽ ശുഷ്കാന്തിയോടുകൂടി പ്രവർത്തിക്കുന്നതാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങളുടെ അഭ്യർത്ഥന മാനിച്ച് ഇന്നും നാളെയും കറച്ച് സബ്മിഷനുകൾ അധികം അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് സമയനിഷ്ഠ പാലിക്കാൻ ദയവായി ശ്രദ്ധിക്കണം. നിയമസഭാ ജീവിതത്തിന്റെ അൻപത് വർഷം പിന്നിട്ട ശ്രീ. കെ. എം. മാണി അദ്ദേഹത്തിന്റെ വാക്കൗട്ട് പ്രസംഗം നാൽപ്പത് സെക്കന്റിനു മുകളിൽ കൊണ്ടുപോകാറില്ല. അദ്ദേഹത്തിന് പറയാനുള്ളതെല്ലാം കൃത്യമായി പറയാറുമുണ്ട്. അതൊരു മാതൃകയായി സ്വീകരിക്കുക.